**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 552** | **27/02/2018-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക്

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീ. ആർ. രാമചന്ദ്രൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീമതി സി.കെ. ആശ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് എന്ന ആശയം സഹകരണരംഗത്ത് പുത്തൻ ഉണർവും ഉത്തേജനവും നൽകുന്നത് ഏതൊക്കെ തലങ്ങളിലാണെന്ന് വിശദമാക്കുമോ; | (എ) കേരള ബാങ്ക് എന്ന ആശയം വായ്പാ മേഖലയിലും, പരമ്പരാഗത വ്യവസായ മേഖലയിലും, കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന മേഖലയിലും പുത്തനുണർവ്വ് സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | മത്സരാധിഷ്ഠിത ബാങ്കിംഗ് രംഗത്ത് നിലനിൽക്കണമെങ്കിൽ സാങ്കേതികവിദ്യയും ആധുനിക സമ്പ്രദായങ്ങളും മികച്ച സേവന സൗകര്യങ്ങളും നൽകേണ്ട ഈ കാലഘട്ടത്തിൽ ബാങ്കിന്റെ ഗുണഫലങ്ങൾ സമൂഹത്തിന്റെ താഴേത്തട്ടിലുള്ളവരിലേയ്ക്ക് എത്തിക്കുന്നതിൽ കേരള ബാങ്കിന് എത്രത്തോളം പങ്ക് വഹിക്കാനാകുമെന്ന് വ്യക്തമാക്കുമോ; | (ബി) നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലൂടെ ഈ ബാങ്കിന്റെ അംഗങ്ങളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ കഴിയുന്നതോടൊപ്പം പ്രാഥമിക സംഘങ്ങൾക്ക് നൽകാൻ കഴിയാത്ത സേവനം നിർദ്ദിഷ്ട ഏകീകൃത ബാങ്ക് മുഖേന നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയ്ക്ക് നിയമപ്രകാരം ചെയ്യാൻ കഴിയുന്ന വായ്പേതര പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും നിർവ്വഹിക്കുമ്പോൾ ടി പ്രാഥമിക സംഘങ്ങൾക്ക് നേരിട്ട് ചെയ്യാൻ കഴിയാത്ത പ്രവർത്തികൾ നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ പ്രതിനിധി എന്ന നിലയിൽ നിർവ്വഹിക്കാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കേരള ബാങ്ക് സംബന്ധിച്ച ശ്രീറാം കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ? | (സി) പ്രൊഫ. എം.എസ്. ശ്രീറാം കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന വസ്തുതകൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.<br>• പ്രാഥമിക സഹകരണ കാർഷിക വായ്പാ സഹകരണ സംഘങ്ങളും മറ്റു പ്രൈമറി സഹകരണ സംഘങ്ങളും ഗണ്യമായ തോതിൽ നിക്ഷേപം സ്വരൂപിക്കുന്നുണ്ട്. ഈ നിക്ഷേപം മുകൾത്തട്ടിലുള്ള സഹകരണ സ്ഥാപനങ്ങളിലാണ് നിക്ഷേപിക്കുന്നത്. മുകൾ |

തട്ടിലുള്ള സ്ഥാപനങ്ങളുടെ വായ്പാ നിക്ഷേപ അനുപാതം ഇപ്പോൾ 54% ആണ്. കേരളത്തിലെ സഹകരണ മേഖലയിലുള്ള മിച്ച ഫണ്ട് ഫലപ്രദമായി വിനിയോഗിക്കേണ്ടതുണ്ട്. മിച്ച ഫണ്ട് അവരുടെ പ്രവർത്തന പരിധിയിൽ മാത്രം വിനിയോഗിക്കാൻ അനുമതിയുള്ള ജില്ലാ സഹകരണ ബാങ്കുകളുടെ പരിമിതി ഏകീകൃത ബാങ്ക് വരുന്നതോടെ പരിഹരിക്കാൻ കഴിയുമെന്നും വായ്പാ പലിശ നിരക്ക് കുറയ്ക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

- വ്യത്യസ്തമായ ജില്ലാ സഹകരണ ബാങ്കുകൾ അവരുടേതായ CRAR, SLR, CRR മാനദണ്ഡങ്ങൾ പാലിക്കാൻ നിർബന്ധിതമാകുന്നു.
- വാണിജ്യ ബാങ്കുകളും റീജിയണൽ റൂറൽ ബാങ്കുകളും നൽകുന്ന ആധുനിക ബാങ്കിംഗ് സൗകര്യം നൽകാനായില്ലെങ്കിൽ സഹകരണ ബാങ്കുകളുടെ പ്രധാന്യം ഭാവിയിൽ നഷ്ടപ്പെടാനുള്ള സാദ്ധ്യതയുണ്ട്. ന്യൂജനറേഷൻ ബാങ്കുകളുടേയും സ്മാൾ ഫിനാൻഷ്യൽ ബാങ്കുകളുടേയും പ്രവർത്തനം കാര്യങ്ങൾ സുഗമമല്ലാതാക്കി മാറ്റും.
- എസ്.ബി.റ്റി യുടേയും എസ്.ബി.ഐ. യുടേയും ലയനം മുഖേന നഷ്ടമായ തദ്ദേശ ബാങ്കിന്റെ സ്ഥാനം സഹകരണ മേഖലയിലെ ഏകീകൃത ബാങ്കിന്റെ രൂപീകരണത്തോടെ നേടാനാകും.
- സംയോജിത ബാങ്കിന്റെ ഭരണ സംവിധാനത്തിൽ പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുകയും സഹകരണ ഭരണ സംവിധാനം നഷ്ടപ്പെടാതെയും സൂക്ഷിക്കണം.
- പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്ക് അവയ്ക്ക് നിയമപ്രകാരം ചെയ്യാൻ കഴിയുന്ന വായ്പേതര പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തേണ്ടതാണ്. പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്ക് നേരിട്ട് ചെയ്യാൻ കഴിയാത്ത പ്രവർത്തികൾ കേരള സഹകരണ ബാങ്കിന്റെ പ്രതിനിധി എന്ന നിലയിൽ നിർവ്വഹിക്കാൻ കഴിയുന്ന സംവിധാനം ഉണ്ടാകണം.
- പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സേവിംഗ്സ്, സ്ഥിരനിക്ഷേപം ഉൾപ്പെടെ എല്ലാതരം നിക്ഷേപങ്ങളും അംഗങ്ങളിൽ നിന്നും സ്വീകരിക്കാവുന്നതും അംഗങ്ങൾക്ക് എല്ലാതരം വായ്പകളും നൽകാവുന്നതുമാണ്. പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്ക് സ്വന്തമായി

നടത്താൻ കഴിയാത്ത ബിസിനസ്സുകൾ കേരള സഹകരണ ബാങ്കിന്റെ സഹായത്തോടെ നിർവ്വഹിക്കാവുന്നതാണ്.

- സംയോജിത ബാങ്ക് എന്ന പ്രത്യേകതയും, വർദ്ധിച്ച മൂലധനശേഷിയും ആധുനിക ബാങ്കിംഗ് സൗകര്യം നൽകാൻ പര്യാപ്തമാക്കും.
- സഹകരണ സ്ഥാപനങ്ങളുടെ സ്വയംഭരണം ഉറപ്പുവരുത്തുന്നതിനായി നിർദ്ദിഷ്ട ബാങ്കിന് സർക്കാർ ഒറ്റത്തവണ ഗ്രാന്റ് നൽകേണ്ടതാണ്.
- ശക്തമായ സാമ്പത്തിക അടിത്തറയുള്ള കേരള സഹകരണ ബാങ്ക് രൂപീകരിക്കുക എന്ന ലക്ഷ്യമുള്ളതിനാൽ ബാങ്കിംഗ് ഇതര വരുമാനം ലഭിക്കുന്ന ആസ്തികളെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി മാറ്റേണ്ടതോ അല്ലെങ്കിൽ ഘട്ടംഘട്ടമായി വിൽപ്പന നടത്തുകയോ ചെയ്യണം.
- കേരള സഹകരണ ബാങ്കിന്റെ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കത്തക്കവിധം പ്രാഥമിക സഹകരണ കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ സോഫ്റ്റ്‌വെയർ പരിഷ്കരിക്കണം.
- നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിൽ സർക്കാർ ഓഹരി ഉൾപ്പെടുന്നതുപോലെ എല്ലാ വിധ സഹകരണ സംഘങ്ങളും ഓഹരി നൽകേണ്ടതാണ്.
- നിർദ്ദിഷ്ട സംയോജിത ബാങ്കിന് ശക്തമായ ട്രഷറി ഇടപാടുകൾ ഉണ്ടായിരിക്കേണ്ടതാണ്. പ്രാഥമിക സംഘങ്ങളുടെ മിച്ചധനം ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഇത് ആവശ്യമാണ്.
- എല്ലാ ബാങ്കുകൾക്കുമായി ഏകീകൃത അക്കൗണ്ടിംഗ് സംവിധാനം, പ്രോഡക്റ്റ് കോഡ്, എൻ.പി.എ. കണക്കാക്കാവുന്ന സംവിധാനം എന്നിവ ഏർപ്പെടുത്തണം.
- ഐ.റ്റി. സംയോജനത്തിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.
- ബാങ്കിംഗ് റഗുലേഷൻ ആക്റ്റ് പ്രകാരം പ്രാഥമിക സഹകരണ വായ്പാ സംഘങ്ങൾ 'ബാങ്ക്' അല്ലാത്തതിനാൽ നിയന്ത്രണാധികാരികൾക്ക് സ്വീകാര്യമായ വിധത്തിൽ ആധുനിക ബാങ്കിംഗ് ഇടപാടുകൾ നൽകാൻ കഴിയത്തക്കവിധം കേരള സഹകരണ ബാങ്കുമായി ബന്ധിപ്പിക്കണം.

- ഐ.റ്റി. രംഗത്ത് സുരക്ഷിതത്വവും, സ്റ്റെബിലിറ്റി, ഡിസാസ്റ്റർ റിക്കവറി സിസ്റ്റം എന്നിവ ഉറപ്പു വരുത്തുന്നതിനായി പൊതുവായ സംവിധാനം (കോമൺ പ്ലാറ്റ്ഫോം) ഏർപ്പെടുത്തണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.
- ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പൊതുമേഖല ബാങ്കുകളിലേതിനു സമാനമായിരിക്കണം.
- വ്യക്തമായ ബിസിനസ്സ് ടാർജറ്റിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ മികവ് പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. ഓരോ ജീവനക്കാരനും 2 വർഷത്തിൽ ഒരിക്കൽ ഒരാഴ്ച കാലയളവിലുള്ള ട്രെയിനിംഗ് നേടിയിരിക്കണം.

സെക്ഷൻ ഓഫീസർ